**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 241** **05-12-2022 - ൽ മറുപടിയ്ക്ക്**

**ഒപ്റ്റോമെട്രിസ്റ്റ്മാരുടെ സേവനം ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അന്ധതാ നിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | 1)ദേശീയ അന്ധതാ നിയന്ത്രണ കാഴ്ചവൈകല്യ പദ്ധതി പ്രകാരം കേരളത്തിലെ എല്ലാ സർക്കാർ ആശുപത്രികളിലൂടെയും വിവധങ്ങളായ സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകി വരുന്നു. എല്ലാ സർക്കാർ ജില്ല/ജനറൽ /താലൂക്ക് ആശുപത്രികളിലും നേത്രരോഗ വിദഗ്ദന്റെയും സേവനം ഉറപ്പാക്കിയിട്ടുണ്ട്. രോഗികൾക്ക് ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ പരിശോധനകൾ നടത്തി വേണ്ട ചികിത്സ നൽകുന്നുണ്ട്. ആവശ്യമായ മരുന്നുകളും ചികിത്സയും സൗജന്യമായി നൽകുന്നു.<br><br>2)നേത്ര സംബന്ധമായ ശസ്ത്രക്രിയ ആവശ്യമുള്ള രോഗികൾക്ക് സൗജന്യമായി താലൂക്ക്, ജില്ല, ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിൽ നിന്നും സൗജന്യമായി ശസ്ത്രക്രിയ ചെയ്തു കൊടുക്കുന്നുണ്ട്.<br><br>3)ഡയബറ്റിക് റെറ്റിനോപ്പതി, ഗ്ലോക്കോമ എന്നിങ്ങനെയുള്ള മറ്റ് നേത്ര രോഗങ്ങൾക്കും ആവശ്യമായ വിദഗ്ദ്ധ ചികിത്സ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യമായി നൽകുന്നു.<br><br>4)ഗ്രാമപ്രദേശങ്ങളിൽ നിന്നും നേത്രരോഗികളെ കണ്ടെത്തുന്നതിനും ആവശ്യമായ ചികിത്സ ലഭ്യമാക്കുന്നതിനുമായി എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന നേത്ര ചികിത്സാ വിഭാഗം വാഹനമടക്കം പ്രവർത്തിച്ചു വരുന്നുണ്ട്.<br><br>5)എല്ലാ സ്കൂളുകളിലും വിദ്യാർത്ഥികൾക്ക് കാഴ്ച പരിശോധിച്ച് ആവശ്യമായവർക്ക് സൗജന്യമായി കണ്ണട വിതരണം നടത്തി വരുന്നു.<br><br>6)45 വയസ്സിനു മുകളിലുള്ളവർക്കും വയോജനങ്ങൾക്കും കാഴ്ച പരിശോധന നടത്തി ആവശ്യമെങ്കിൽ കണ്ണട സൗജന്യമായി നൽകുന്നു. |

7)തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും, സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും വിഷൻ സെന്ററുകൾ മുഖേന ഒപ്റ്റോമെട്രിസ്റ്റുകൾ നേത്ര ചികിത്സയും കാഴ്ച പരിശോധനയും നടത്തി വരുന്നു.

8)എല്ലാ ജില്ലകളിലും ഗ്രാമപ്രദേശങ്ങൾ, തീരപ്രദേശങ്ങൾ, ആദിവാസി മേഖല എന്നിവിടങ്ങളിലെ ദുർബല ജനവിഭാഗങ്ങളെ കേന്ദ്രീകരിച്ച് മുൻകൂട്ടി തീരുമാനിച്ച ക്യാമ്പുകൾ നടത്തുകയും ആവശ്യമുള്ളവർക്ക് തുടർ ചികിത്സയും നൽകുന്നു.

9)കേരളത്തിൽ ഒട്ടാകെ നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകളുമായി സഹകരിച്ച് സൗജന്യ തിമിര ശസ്ത്രക്രിയ സൗകര്യം ഒരുക്കുന്നു.

കൂടാതെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അന്ധതാ നിവാരണത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ താഴെ പറയുന്നു

1) തിമിര രോഗ നിർണ്ണയം നടത്തി രോഗികൾക്ക് ആവശ്യമായ ശസ്ത്രക്രിയ ചെയ്ത് ലെൻസ് വെയ്ക്കുകയും ചെയ്ത് വരുന്നു.

2) ഗ്ലോക്കോമ രോഗം നിർണ്ണയവും തുടർ ചികിത്സയും നൽകുന്നതോടൊപ്പം ലേസർ ചികിത്സയും ലഭ്യമാക്കി വരുന്നു.

3) ഡയബറ്റിസ് റെറ്റിനോപ്പതി രോഗനിർണയവും സ്കാനിംഗ്, ലേസർ എന്നിവയും തുടർ ചികിത്സയും ലഭ്യമാക്കി വരുന്നു. വിദഗ്ധ ചികിത്സ ആവശ്യമുള്ള രോഗികളെ റെറ്റിന സെന്ററിലേക്ക് റഫർ ചെയ്യുന്നു.

4) കുട്ടികളിലെ കാഴ്ചക്കുറവ്, വൈകല്യങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള പരിശോധനകളും തുടർ ചികിത്സയും ലഭ്യമാക്കി വരുന്നു.

5) മാസം തികയാതെ ജനിച്ച കുട്ടികളിലെ റെറ്റിനോപ്പതി പരിശോധനയും ചികിത്സയും ലഭ്യമാക്കി വരുന്നു.

6) ലോക കാഴ്ച ദിനം, ഗ്ലോക്കോമ വാരം നേത്രദാന പക്ഷാചരണം എന്നീ പരിപാടികളോടനുബന്ധിച്ച് പൊതുജന അവബോധ പരിപാടികൾ നടത്തിവരുന്നു. ഇതോടൊപ്പം തിമിരം, ഗ്ലോക്കോമ, ഡയബറ്റിസ് റെറ്റിനോപ്പതി മുതലായവ നിർണ്ണയിക്കാനുള്ള നേത്ര പരിശോധന ക്യാമ്പുകളും സംഘടിപ്പിച്ചു വരുന്നു.

| | | | |
|---|---|---|---|
| | | | 7) അന്ധത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി കാലാകാലങ്ങളിൽ സ്കൂൾ തലത്തിലും പൊതുവായും ജില്ലാ തലത്തിൽ ബോധവത്കരണ ക്ലാസുകൾ, ക്യാമ്പുകൾ എന്നിവ നടത്തുന്നു. |
| (ബി) | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും നേത്ര പരിശോധകരുടെ (ഒപ്റ്റോമെടിസ്റ്റ്) തസ്തികകൾ സൃഷ്ടിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | വിവിധ വിഭാഗം തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചു വരുന്നുണ്ട് |
| (സി) | സംസ്ഥാനത്ത് എത്ര വിഷൻ സെന്ററുകൾ നിലവിലുണ്ട്; ഇവിടങ്ങളിൽ ഒപ്റ്റോമെടിസ്റ്റ്മാരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) | സംസ്ഥാനത്ത് 372 വിഷൻ സെന്ററുകൾ നിലവിലുണ്ട്. ഇവിടങ്ങളിൽ ആഴ്ചയിലൊരു ദിവസം അതാത് ഏരിയയിലെ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഒപ്റ്റോമെടിസ്റ്റിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ